(ഇ) സംസ്ഥാനത്ത് കൂടുതൽ രജിസ്ട്രേഷൻ ക്യാമ്പുകൾ നടത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ നിയമത്തിലും ചട്ടത്തിലും പ്രതിപാദിച്ചിട്ടുള്ള എല്ലാ ക്ഷേമപ്രവർത്തനങ്ങളും ക്ഷേമനിധി ബോർഡ് കാലവിളംബം കൂടാതെ സംസ്ഥാനത്തൊട്ടാകെ നടത്തിവരുന്നു. 1987-ലെ കയർ തൊഴിലാളി ക്ഷേമനിധി ആക്ടിന്റെ ന്യൂനതകൾ പരിഹരിച്ചു കൊണ്ട് 1998-ൽ കേരള കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ആക്ട് നിയമസഭ പാസ്സാക്കി.

(ബി) കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിലുള്ള ആലപ്പുഴയിലെ ഹെഡ് ആഫീസിലും ചേർത്തലയിലെ സബ്ബ് ഓഫീസിലും കോഴിക്കോട്, നോർത്ത് പറവൂർ, ചിറയിൻകീഴ് എന്നീ റീജിയണൽ ഓഫീസുകളിലും കൊല്ലത്തെ ജില്ലാ ഓഫീസിലും എല്ലാ പ്രവൃത്തി ദിവസങ്ങളിലും തൊഴിലാളികൾക്ക് നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) കൂടുതൽ തൊഴിലാളികളെ അംഗങ്ങളാക്കുന്നതിന് ക്യാമ്പ് രജിസ്ട്രേഷൻ എല്ലാ ഓഫീസുകളുടെ കീഴിലും നടത്തിവരുന്നുണ്ട്.

(ഡി) കാർത്തികപ്പള്ളി താലൂക്കിലെ എല്ലാ പഞ്ചായത്തുകളിലും ചേർത്തല, നോർത്ത് പറവൂർ, കോഴിക്കോട്, കൊല്ലം, ചിറയിൻകീഴ് എന്നീ ഓഫീസുകളുടെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിലും പലതവണ ക്യാമ്പ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്. സംസ്ഥാനത്തുള്ള എല്ലാ കയർ തൊഴിലാളികളെയും തൊഴിലുടമകളെയും ക്ഷേമനിധി അംഗമാക്കുന്നതിന് മാസംതോറും പഞ്ചായത്ത് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് രജിസ്ട്രേഷനും അംശദായം സ്വീകരിക്കലും നടത്തിവരുന്നു. തുടർന്നും ക്യാമ്പ് രജിസ്ട്രേഷൻ കൂടുതൽ വിപുലപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

35 (1871) തൊഴിൽ സമരങ്ങൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തൊഴിൽസമരങ്ങളുണ്ടായി;

(ബി) എത്ര തൊഴിൽ സമരങ്ങൾ ഒത്തുതീർപ്പാക്കി; ശേഷിക്കുന്നവ എത്രയെന്നും അവ ഒത്തുതീർപ്പാക്കാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്തുമോ;

(സി) കേരളത്തിലെ നിലവിലുള്ള സമാധാനപരമായ തൊഴിൽ സാഹചര്യം നിലനിറുത്താനും കൂടുതൽ മെച്ചപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 63 തൊഴിൽ സമരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(ബി) 59 സമരങ്ങൾ ഒത്തുതീർപ്പാക്കി. അവശേഷിക്കുന്ന 4 സമരങ്ങൾ ഒത്തുതീർപ്പാക്കുന്നതിനായി വിവിധ തലങ്ങളിൽ അനുരഞ്ജന സംഭാഷണങ്ങൾ നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ തൊഴിൽ മേഖലയിൽ തൊഴിൽ തർക്കങ്ങൾ ഉണ്ടായാൽ അവയിൽ യഥാസമയം തീർപ്പു കൽപ്പിക്കുന്നതിനായി, തൊഴിൽ വകുപ്പിലെ വിവിധ തലത്തിലുള്ള അനുരഞ്ജന ഉദ്യോഗസ്ഥന്മാർ ഇവ പരിഹരിക്കുന്നതിന് അനുരഞ്ജന സമ്മേളനങ്ങൾ വിളിച്ചു കൂട്ടുകയും ചർച്ചയിലൂടെ അവ പരിഹരിക്കുവാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. പരിഹരിക്കാൻ കഴിയാത്ത തർക്കങ്ങൾ തൊഴിൽ കോടതികളുടെ തീർപ്പിന് വിടാറുണ്ട്. ഇതിനുപുറമേ സംസ്ഥാനതലത്തിൽ വ്യാവസായിക അടിസ്ഥാനത്തിൽ ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ ചർച്ചയിലൂടെ പരിഹരിക്കുന്നതിനായി തൊഴിലാളി തൊഴിലുടമാ പ്രതിനിധികൾ അടങ്ങുന്ന വ്യവസായ ബന്ധ സമിതികളും ലേബർ കമ്മീഷണറുടെ അധ്യക്ഷതയിൽ പ്രവർത്തിച്ചുവരുന്നു.

36 (1872) അസിസ്റ്റന്റ് ലേബർ ഓഫീസർ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ മുഖേനയുള്ള നിയമനവും നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനത്തിനുള്ള റേഷ്യോ എത്രയെന്നു വ്യക്തമാക്കുമോ;

ഉത്തരം

(എ) അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് - II തസ്തികയിലേക്ക് നേരിട്ടുള്ള നിയമനവും പ്രൊമോഷൻ വഴിയുള്ള നിയമനവും ഉണ്ട്.

(ബി) 3:1 എന്ന അനുപാതത്തിൽ.

37 (1874) പ്രൊഫഷണൽ ഫോട്ടോഗ്രാഫേഴ്സിന്റെ ക്ഷേമത്തിനുള്ള പദ്ധതികൾ

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംതൊഴിൽ കണ്ടെത്തിയിരിക്കുന്ന പ്രൊഫഷണൽ ഫോട്ടോഗ്രാഫേഴ്സിന്റെ ക്ഷേമത്തിനുവേണ്ടി സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇവർക്കുവേണ്ടി ഒരു ക്ഷേമപദ്ധതി നടപ്പിലാക്കുമോ;

(സി) ഇവർക്ക് തിരിച്ചറിയൽകാർഡും ക്ഷേമനിധിയും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly